# അക്കാദമിക മാസ്റ്റർപ്ലാൻ ഘട്ടം - 2

# മാർഗരേഖ

## 1

## അക്കാദമിക മാസ്റ്റർപ്ലാൻ – കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ

**ആമുഖം**

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച്, സമൂഹത്തെ മുന്നോട്ടുനയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹികപുരോഗതിയാണ് നാം ലക്ഷ്യംവയ്ക്കുന്നത്. വികസനോന്മുഖമായ ഒരു സമൂഹനിർമിതിക്ക് ഉതകുന്നവിധത്തിൽ വിദ്യാഭ്യാസപ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. മികച്ചതും സുസ്ഥിരവുമായ ഭാവി കൈവരിക്കുന്നതിനായി 2015 ൽ യു.എൻ. സുസ്ഥിരവികസനത്തിന്റെ 17 സൂചികകൾ സൂചിപ്പിക്കുകയും അവ നിർവചിക്കുകയും ചെയ്തു. ദാരിദ്ര്യമില്ലായ്മ, വിശപ്പുരഹിതം, നല്ല ആരോഗ്യവും ക്ഷേമവും, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ലിംഗസമത്വം തുടങ്ങിയ 17 സൂചികകളിൽ നാലാമതായി പറഞ്ഞിരിക്കുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നത് മറ്റെല്ലാത്തിന്റെയും അടിസ്ഥാനമായി വർത്തിക്കുന്നു. ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്ന സൂചകത്തിന് 10 ലക്ഷ്യങ്ങളും നിർവചിച്ചിട്ടുണ്ട്. (അനുബന്ധം .... നോക്കുക) എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്തപഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ദൗത്യം.

കേരളം മറ്റു പല രംഗങ്ങളിലുമെന്നപോലെ വിദ്യാഭ്യാസരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. വിവിധ സർക്കാരുകളുടെ വികസനാത്മകമായ ഇടപെടലുകളും പ്രബുദ്ധരായ സമൂഹത്തിന്റെ സഹകരണവും സഹായങ്ങളും വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വപരമായ പങ്കും ഇവിടെ നടപ്പാക്കിയ വിവിധ പ്രോജക്ടുകളും ഈ പുരോഗതിക്ക് കാരണമായിട്ടുണ്ട്. അതിലെല്ലാമുപരി അധ്യാപകസമൂഹത്തിന്റെ അക്ഷീണപ്രയത്നം ഇതിനു ഉത്തേജകമായിട്ടുണ്ട്.

സംസ്ഥാനത്ത് നടപ്പിലാക്കിയ 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' വിദ്യാഭ്യാസരംഗത്ത് അഭൂതപൂർവമായ ഉണർവ് സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതികരംഗത്തും അക്കാദമികരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. പൊതുവിദ്യാലയങ്ങളിലേക്ക് മുൻകാലങ്ങളിലില്ലാത്തവിധം ലക്ഷക്കണക്കിന് കുട്ടികൾ പുതിയതായി വന്നുചേർന്നു. സമൂഹത്തിന് പൊതുവിദ്യാലയങ്ങളിലുള്ള വിശ്വാസം വർധിച്ചതിന്റെ വ്യക്തമായ സൂചനയാണിത്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമികരംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർപ്ലാനുകൾ തയാറാക്കി. പല വിദ്യാലയങ്ങളും മാസ്റ്റർപ്ലാനുകൾക്കനുസരിച്ച് മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി നല്ല മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. നവകേരള സൃഷ്ടിക്ക് തയാറെടുക്കുന്ന നമ്മുടെ സംസ്ഥാനത്തിന് ഇത്തരം നേട്ടങ്ങൾ നാഴികക്കല്ലുകളാണ്.

ദേശീയ-അന്തർദേശീയതലങ്ങളിൽ നടന്ന വിവിധ പഠനങ്ങളിൽ കേരളം വിദ്യാഭ്യാസത്തിൽ ഏറെ മുന്നിലാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. സുസ്ഥിരവികസന സൂചികകളിൽ മേൽക്കൈ നേടുവാൻ നമ്മെ സഹായിച്ചത് പൊതുവിദ്യാഭ്യാസരംഗത്തെ മുന്നേറ്റം കൂടിയാണ്.

ലോകത്തിനാകമാനം കേരളം മാതൃകയാണെന്ന് അഭിമാനം കൊള്ളുമ്പോഴും വിദ്യാഭ്യാസരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഓരോ വിദ്യാർഥിക്കും ദേശ, ഭാഷ, വർഗ, വർണ, ലിംഗ ഭേദമന്യെ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശനിയമത്തിൽ പരാമർശിക്കുന്ന വിദ്യാർഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാവേണ്ടതുണ്ട്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയസമൂഹവും അധ്യാപകരും വിദ്യാഭ്യാസസംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കണം. നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർപ്ലാൻ. പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മുൻവർഷങ്ങളിൽ വിദ്യാലയങ്ങൾ തയാറാക്കിയ അക്കാദമിക മാസ്റ്റർപ്ലാനുകൾ വേണ്ടത്ര ഫലപ്രദമായി നടപ്പാക്കാൻ പ്രളയം, മഹാമാരി തുടങ്ങിയ കാരണങ്ങളാൽ നമുക്ക് കഴിയാതെ വന്നിട്ടുണ്ട്.

അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ കാലാനുസൃതമായ മാറ്റങ്ങളോടെ അക്കാദമിക മാസ്റ്റർപ്ലാൻ പുനർനിർമിക്കേണ്ടതുണ്ട്. കോവിഡ് മഹാമാരി വിദ്യാഭ്യാസരംഗത്ത് സൃഷ്ടിച്ച പ്രതിസന്ധി പരിഹരിക്കുന്നതിനും പുതിയ പദ്ധതിയിൽ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

2022 ൽ ആരംഭിക്കുന്ന 14-ാം പഞ്ചവത്സരപദ്ധതികാലത്ത് നമ്മുടെ വിദ്യാലയങ്ങൾ ഏത് തരത്തിൽ ആയിത്തീരണം എന്നു വിഭാവനം ചെയ്യണം. അത്തരത്തിലാകുന്നതിന് തടസം നിൽക്കുന്ന പ്രശ്നങ്ങളെ സ്കൂൾതലത്തിൽ ചർച്ചചെയ്തു കണ്ടെത്തണം. ഈ പ്രശ്നങ്ങളുടെ പരിഹാരത്തിനായുള്ള പ്രവർത്തനങ്ങൾ കൂട്ടായി കണ്ടെത്തുകയും അവയ്ക്ക് മുൻഗണന നിശ്ചയിക്കുകയും വേണം. അവയിൽ ഓരോ വർഷവും നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ കണ്ടെത്തി, അവയെ സമയബന്ധിതമായി നടപ്പാക്കാൻ കലണ്ടറും തയാറാക്കണം.

പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ലോകത്താകമാനം വന്ന മാറ്റങ്ങൾ, കോവിഡാനന്തരം പഠനബോധനരീതികളിൽ വന്ന മാറ്റങ്ങൾ, സുസ്ഥിരവികസന സൂചികകൾ, സർക്കാർ നടപ്പാക്കുന്ന വിദ്യാകിരണം പദ്ധതി, കേന്ദ്രസർക്കാരിന്റെ ദേശീയവി

ദ്യാഭ്യാസനയത്തിന്റെ സാധ്യതകൾ എന്നിവയെല്ലാം പരിഗണിക്കേണ്ടതുണ്ട്. വിദ്യാഭ്യാസവകുപ്പ്, എസ്.എസ്.കെ., എം.പി., എം.എൽ.എ., പി.ടി.എ., മറ്റ് സന്നദ്ധ സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിദ്യാഭ്യാസ പദ്ധതികളെ പരമാവധി പ്രയോജനപ്പെടുത്തുകയും അവയോട് ചേർന്നുള്ള പദ്ധതികൾ രൂപപ്പെടുത്തുകയും വേണം.

## ദർശനം

"കേരളത്തിലെ ഓരോ വിദ്യാർഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാവുന്നു."

## ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- വിദ്യാലയത്തിലെ പഠന പിന്തുണാസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- സുസ്ഥിരവികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം.......) എന്നിവ വിദ്യാർഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
- വിദ്യാർഥികളും വിദ്യാർഥികളും തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ഓരോ വിദ്യാർഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്നതരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

# ACADEMIC MASTERPLAN
# MALAYALAM
# 2025-26

| നമ്പർ | മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/ കാലം | ഭൗതികം |
|---|---|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | | ജൂൺ | മലയാളം അധ്യാപകർ |
| 2 | പഠനവിടവുനികത്തൽ | **വാക്കുകളിൽനിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് വായന എഴുത്ത് പോഷിപ്പിക്കൽ | ജൂലൈ ആഗസ്റ്റ് | മലയാളം അധ്യാപകർ |
| 3 | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വായനാനൈപുണി വികസിപ്പിക്കൽ | ജൂലൈ മുതൽ മാർച്ച് വരെ | മലയാളം അധ്യാപകർ<br>മലയാളം ക്ലബ് |
| 4 | സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | സംവാദം/മുഖാമുഖം: സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | മലയാള സാഹിത്യം പരിചയപ്പെടൽ | വർഷത്തിൽ രണ്ട് പ്രാവശ്യം | മലയാളം അധ്യാപകർ<br>മലയാളം ക്ലബ് |
| 5 | മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടിയെടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുന്നു.<br>പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | ഡിജിറ്റൽ നൈപുണികൾ ആർജ്ജിക്കൽ | ജൂലൈ മുതൽ മാർച്ച് വരെ | മലയാളം അധ്യാപകർ |
| 6 | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:** പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | ഉയർന്ന പഠനശേഷികൾ ആർജ്ജിക്കൽ | അക്കാദമിക് വർഷം | മലയാളം അധ്യാപകർ<br>മലയാളം ക്ലബ് |

# ACADEMIC MASTERPLAN
# ENGLISH
# 2025-26

## Introduction

The English language is the key to opening the tool to the world.
English is now a global language, widely used in international communication, business, science, technology and entertainment. Its versatility and adaptability have made it a popular choice for people around the world.

The English club, readers forum, school assembly, reading corner etc. are the active and other activities like role play, debates, choreography, readers theatre ,seminars. As a part of curriculum transactions are a foot activities are designed to suit the basic needs of the students and their developments.

Aims

1. Developing communication skills : reading, writing, speaking, listening.
2. Enhancing literacy : understanding and interpreting texts, vocabulary and grammar.
3. Fostering critical thinking and analytical skills.
4. Promoting cultural awareness and appreciation.
5. Preparing students for future academic and professional opportunities.
6. Building confidence in self expression and effective communication.

Expected achievements

To enable the learners to communicate effectively and appropriately in real life situation.

| Sl. No | Aims/Objectives | Program/Activities | Time/ Duration | Responsibe Persion |
|---|---|---|---|---|
| 1 | Enable the Learner to listen & communicate for good English | News time/ school radio providing chances to hear English news and give chance to read news on English assembly. | Everyday | English teacher |
| 2 | Enable the children to identify and learn correct pronunciation, stress and Intonation. | Providing chance to hear English songs and rhymes. | Interval or lunch break | English teacher |
| 3 | Creating an English atmosphere in school. | Presentation of rhymes, songs, poems, stories etc. Providing chance to see English films and video games. | Once in a week | English club |
| 4 | Enable the children to write and read with proper punctuations, wordspace etc. | To familiarise the punctuations and word spaces used in stories and poems. | Everyday | English teacher |
| 5 | Vocabulary Developing | "A word a day" paste a word on notice board everyday and find out the meaning by using dictionary. | Everyday | English teacher |
| 6 | Enable the children to interest in English. | Providing chance to chat with the foreigners by using ICT. | Leissure/ selected English period | English teacher |
| 7 | Enable the children to speak in English | English assembly (prayer, pledge, news reading etc. in English ) | Once in a week | English teacher |

# ACADEMIC MASTERPLAN
# HINDI
# 2025-26

മേഖല : അക്കാദമികം          ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർ | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 5,6, 7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN, SLOW LEARNERS കുട്ടികൾക്ക് വേണ്ട |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ .പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. CWSN, SLOW LEARNERS കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്ത് നടത്താവുന്ന പ്രവർത്തനപാക്കേജ്. | ജൂൺ രണ്ടാം വാരം | 5 6 7 | ഹിന്ദി അധ്യാപകർ | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം, എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 5 6 7 | ഹിന്ദി അധ്യാപകർ | |
| 4 | കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരുപ്രാവശ്യം | 5 6 7 | ഹിന്ദി അധ്യാപകർ | |
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക | ആഴ്ചയിൽ ഒരുപ്രാവശ്യം | 5 6 7 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി | 5 6 7 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 5 6 7 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതി ദിനം | 5 6 7 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>ഹിന്ദി ഡോക്യുമെന്ററി,<br>സിനിമ കാണാനുള്ള അവസരം<br>വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 5 6 7 | ഹിന്ദി അധ്യാപകർ | |
| 10 | കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തിക്കൊണ്ട്<br>അകം ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | 5 6 7 | ഹിന്ദി അധ്യാപകർ | |

# ACADEMIC MASTERPLAN
# ARABIC
# 2025-26

## അക്കാദമിക മാസ്റ്റർ പ്ലാൻ അറബിക്

### ○ പഠന ലക്ഷ്യം

1 അറബി ഭാഷ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക.
2 ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴുമുള്ള വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക.
3 കുട്ടികളുടെ ഭാഷാശേഷിയോടൊപ്പം സർഗാത്മകശേഷിയും വർദ്ധിപ്പിക്കുക.

### ○ പ്രവർത്തനങ്ങൾ

1 ടെസ്റ്റ് നടത്തി ഭാഷാ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.

2 പ്രയാസം അനുഭവിക്കുന്നവർക്ക് പ്രത്യേകം തയ്യാറാക്കിയ അക്ഷരങ്ങളുടേയും വാക്കുകളുടേയും കാർഡുകൾ നൽകുന്നു. വരച്ചും നിറങ്ങൾ നൽകിയും , സ്മാർട്ട് ക്ലാസ്റൂം ഉപയോഗിച്ച് വിവിധ ഗെയിമുകളിലൂടെയും അക്ഷരങ്ങളേയും വാക്കുകളേയും പരിചയപ്പെടുത്തുന്നു.എഴുത്തും വായനയും പരിപോഷിപ്പിക്കുന്നു.

3 പാഠപുസ്തകത്തിലെ വാക്കുകൾക്കും വാചകങ്ങൾക്കും പുറമേ പുതിയവ കണ്ടെത്താൻ ആവശ്യപ്പെടുന്നു. ചെറുകഥ , കവിത, സംഭാഷണം ,പദപ്രശ്നം, കുറിപ്പ് എന്നിവ തയ്യാറാക്കൽ.കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുന്നു.

### ○ കാലയളവ്

ജൂൺ മുതൽ മാർച്ച് വരെ

.

# ACADEMIC MASTERPLAN
# SOCIAL SCIENCE
# 2025-26

| നമ്പർ | മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/ കാലം | ഭൗതികം |
|---|---|---|---|---|---|
| 1 | ചരിത്രബോധം വളർത്തൽ | മ്യൂസിയം സന്ദർശിക്കൽ, ചരിത്രസ്മാരകങ്ങൾ സന്ദർശിക്കൽ | തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്രപഠനം, | ജൂൺ ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ | പിടിഎ, ക്ലബ്ബുകൾ |
| 2 | ജനസംഖ്യ അവബോധം ജൂലൈ 11 | പോസ്റ്റർ നിർമ്മാണം,ക്വിസ്മത്സരം | ജനസംഖ്യാ വർദ്ധനവും ഭൂവിഭവങ്ങളുടെ ഉപയോഗവും തിരിച്ചറിയൽ | ജൂലൈ | പിടിഎ, ക്ലബ്ബുകൾ |
| 3 | ജനാധിപത്യബോധം പൗരബോധം | തിരഞ്ഞെടുപ്പ് പ്രക്രിയ, മോഡൽ പാർലമെന്റ് ,പ്രസംഗ കളരി | ജനാധിപത്യസമ്പ്രദായത്തിലെ വിവിധഘടകങ്ങൾ തിരിച്ചറിഞ്ഞ് അതിൽ പങ്കളിയാകുന്നു | ജൂലൈ മാർച്ച് | തിരഞ്ഞെടുപ്പ് സമിതികൾ, പിടിഎ, |
| 4 | യുദ്ധവിരുദ്ധ മനോഭാവം വളർത്തൽ | യുദ്ധവിരുദ്ധ സിനിമകൾ പ്രദർശിപ്പിക്കൽ, ഡോക്യുമെന്ററികൾ, ചിത്രങ്ങൾ, യുദ്ധവിരുദ്ധ പ്രതിജ്ഞ എടുക്കൽ | യുദ്ധം മാനവരാശിക്കു വരുത്തുന്ന വിപത്തുകൾ തിരിച്ചറിയൽു | ആഗസ്റ്റ് | ക്ലബ്ബുകൾ |
| 5 | രാഷ്ട്രസ്നേഹം വളർത്തൽ | പ്രസംഗമത്സരം,ക്വിസ്മത്സരം,സെമിനാർ(സ്വാതന്ത്ര്യസമരവുമായിബന്ധപ്പെട്ടത്) | ദേശീയബോധം വളർത്തൽ | ആഗസ്റ്റ് | പിടിഎ,ക്ലബ്ബുകൾ എസ്എസ്ജി |

| നമ്പർ | മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/ കാലം | ഭൗതികം |
|---|---|---|---|---|---|
| 6 | വിനോദസഞ്ചാര മേഖലകളെ അറിയൽ | കേരളത്തിലെ കലകൾ, ഉത്സവങ്ങൾ, ഭൂപ്രകൃതി തുടങ്ങിയവ പരിചയപ്പെടൽ, ഫീൽഡ് ട്രിപ്പ് | വിനോദസഞ്ചാര കേന്ദ്രങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തൽ | ആഗസ്റ്റ് ഒക്ടോബർ | പിടിഎ, ക്ലബ്ബുകൾ |
| 7 | ഗാന്ധിജിയെ അടുത്തറിയാം ഒക്ടോബർ 2 പ്രവർത്തനങ്ങൾ | ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൽ ഗാന്ധിക്വിസ്, ആത്മകഥ വായിച്ചു പരിചയപ്പെടൽ | ഗാന്ധിജി രാഷ്ട്രത്തിന് നൽകിയ സംഭാവനകൾ തിരിച്ചറിയൽ | ഒക്ടോബർ നവംബർ | പിടിഎ, ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ |
| 8 | കേരളപ്പിറവി | ദൈവത്തിന്റെനാടിന് സ്വന്തം എന്ന പരിപാടി | ഐക്യകേരളം രൂപീകരണത്തെക്കുറിച്ച് അറിയൽ, കേരളീയനായതിൽ അഭിമാനം കണ്ടെത്തൽ | നവംബർ | പിടിഎ, ക്ലബ്ബുകൾ |
| 9 | ഭൂപട വായനശേഷി | ഭൂപടവുമായി ബന്ധപ്പെട്ട കളികൾ, ഭൂപടപസിൽ നിർമ്മാണം, അറ്റ്ലസ് നിർമ്മാണം ഗ്ലോബ് നിർമ്മാണം | സംവാദാത്മക പഠനത്തിലൂടെ സാമൂഹിക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പ്രതികരിക്കുന്നു, ഭൂപടവായനാശേഷി വളർത്തൽ, ഭൂപടം അറ്റ്ലസ് ഗ്ലോബ് നിർമ്മാണ മേഖലകളിൽ നൈപുണ്യം | ജനുവരി, ഫിബ്രുവരി, മാർച്ച് | പിടിഎ, ക്ലബ്ബുകൾ |
| 10 | പാഠഭാഗം ലളിതവും ആകർഷകവുമാകുന്നില്ല | ITഅധിഷ്ഠിത TMവികസിപ്പിക്കൽ വർക്ക്ഷീറ്റുകൾ വികസിപ്പിക്കൽ | സാങ്കതിക വിദ്യയിലൂടെ പാഠഭാഗം ലളിതവും ആകർഷകവും മാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | പിടിഎ,ക്ലബ്ബുകൾ എസ്എസ്ജി |